നമ്പർ. ഫിൻ. എ (2) 27876/12.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 12.6.2012.

സർക്കുലർ നമ്പർ. 23/12.

വിഷയം. സഹകരണ വകുപ്പ്- എൻ.സി.ഡി.സി. വായ്പ നീക്കിയിരുപ്പ് - കുടിശ്ശിക തീർപ്പാക്കൽ- നടപടികൾ- സംബന്ധിച്ച്.

സൂചന. സർക്കാരിന്റെ 1.6.2012-ലെ 14006/ബി3/2011/സഹ.നമ്പർ കത്ത്.

....

എൻ.സി.ഡി.സി.പദ്ധതിപ്രകാരം സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള വായ്പകളുടെ മുതലും, പലിശയും കൃത്യമായി പിരിച്ചെടുക്കുന്നതിനും, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും 15-ാം തീയതിക്കകം സർക്കാരിന് ലഭ്യമാക്കണമെന്ന് സൂചന കത്തിലൂടെ സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എൻ.സി.ഡി.സി. വായ്പ നിലവിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് 31.3.2012 തീയതി വച്ച് എല്ലാ ജില്ലകളും തയ്യാറാക്കേണ്ടതാണ്.
2. ഓരോ സ്ഥാപനത്തിനും അനുവദിച്ച തുക ബാക്കി നിൽപ്പ് തുക, കുടിശ്ശികയായ തുക (മുതൽ/പലിശ) എന്നിവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് (ജില്ലാടിസ്ഥാനത്തിൽ) 20.06.2012-നകം സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ ഫിനാൻസ് സെക്ഷനിൽ അയച്ച് തരേണ്ടതാണ്.
3. തുടർന്നുള്ള മാസങ്ങളിലെ സ്റ്റേറ്റ്മെന്റ് 5-ാം തീയതിക്കകം ലഭ്യമാക്കേണ്ടതാണ്.
4. മുതലും പലിശയും കുടിശ്ശികയുള്ള പ്രാഥമിക സഹകരണസംഘങ്ങൾക്ക് ഡിമാന്റ് നോട്ടീസ് ജോയിന്റ് രജിസ്ട്രാർമാർ അടിയന്തിരമായി നൽകേണ്ടതാണ്.
5. അപ്പക്സ് സംഘങ്ങൾക്കുള്ള ഡിമാൻറ് നോട്ടീസ് സഹകരണ സംഘം രജിസ്ട്രാറാഫീസിലെ ബന്ധപ്പെട്ട പ്ലാനിംഗ് സെക്ഷനിൽ നിന്ന് നൽകേണ്ടതാണ്.

6. അപ്പക്സ് സംഘങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും 5-ാം തീയതിക്കകം അതാത് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ), സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ ഫിനാൻസ് സെക്ഷന് നൽകേണ്ടതാണ്.

സർക്കുലർ നിർദ്ദേശങ്ങൾ കൃത്യതയോടെ അടിയന്തിരമായി നടപ്പിലാക്കുവാൻ താൽപ്പര്യപ്പെടുന്നു.

(ഒപ്പ്),
വി. സനൽകുമാർ.ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ.

എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
പ്ലാനിംഗ്, സി.പി.സെക്ഷനുകൾക്ക്.
ജനറൽ സെക്ഷന്.
സ്റ്റോക്ക് ഫയൽ.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിനാൻസ് സെക്ഷൻ).